പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1090. 08.2.2013 ൽ മറുപടിക്ക്

അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

**ചോദ്യം** **മറുപടി**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ.പി.കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം സംസ്ഥാനത്ത് എത്ര വിദ്യാലയങ്ങളിലാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | എ) | പന്ത്രണ്ടാം പഞ്ചവത്സര പദ്ധതികാലയളവിൽ 700 ഹയർ സെക്കണ്ടറി സ്കൂളുകളിലും 190 കോളേജുകളിലുമായി 890 സ്ഥാപനങ്ങളിൽ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് |
| ബി) | ഓരോ വിദ്യാലയങ്ങൾക്കും പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് അനുവദിക്കുന്നതെന്ന് വിശദമാക്കുമോ ; | ബി) | ഓരോ വിദ്യാലയത്തിനുമായി പ്രത്യേകം തുക അനുവദിച്ചിട്ടില്ല. തിരഞ്ഞെടുക്കുന്ന കോഴ്സുകളെ ആസ്പദമാക്കിയാണ് പദ്ധതിക്ക് തുക അനുവദിക്കുക നടപ്പു പഞ്ചവത്സര പദ്ധതി കാലത്ത് മൂന്ന് ലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി 633 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. |
| സി) | പ്രസ്തുത പദ്ധതിയുടെ മോണിറ്ററിംഗ് നടത്തുന്നത് ആരാണെന്ന് വ്യക്തമാക്കാമോ ; | സി) | ചീഫ് സെക്രട്ടറി ചെയർമാനും വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളുമായ ഒരു എംപവേർഡ് കമ്മിറ്റിയാണ് ഈ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്. |
| ഡി) | പ്രസ്തുത പദ്ധതിയുടെ കാലപരിധി എത്രയാണെന്ന് അറിയിക്കാമോ? | ഡി) | പ്രസ്തുത പദ്ധതി 2012-17 വരെയുള്ള പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ